**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1882** **15-03-2022 - ൽ മറുപടിയ്ക്ക്**

**പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.ഐ.മധുസൂദനൻ | | null<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | പയ്യന്നൂർ മൾട്ടി പർപ്പസ് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ; | (എ) | കായിക വകുപ്പിന്റെ എസ്.പി.വി.യായ കിറ്റ്കോ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കിറ്റ്കോ ഇതിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. പൈലിംഗ് വർക്കുകൾ പൂർത്തീകരിച്ചു. തുടർന്നുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ബി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണ കാലാവധി എത്രയാണെന്നും അനുവദിച്ച സമയപരിധിക്കുള്ളിൽ നിർമ്മാണം പൂർത്തീകരിക്കാൻ കഴിയുമോ എന്നും വ്യക്തമാക്കുമോ; | (ബി) | പദ്ധതിയുടെ നിർമ്മാണ കാലാവധി കരാർ ഉടമ്പടി വെച്ച 06.02.2021 മുതൽ 12 മാസമാണ്. ഇപ്രകാരം 05.02.2022 ന് മുൻപായി പദ്ധതി തീരേണ്ടതായിരുന്നു. എന്നാൽ മഴയും വെള്ളക്കെട്ടും മൂലം ഫൗണ്ടേഷൻ പ്രവൃത്തികളിൽ കാലതാമസം നേരിട്ടതിനെ തുടർന്ന് 2023 മെയ് മാസത്തോടെ മാത്രമേ പൂർത്തീകരിക്കാൻ കഴിയൂ എന്ന് എസ്.പി.വി. അറിയിച്ചിട്ടുണ്ട്. |
| (സി) | നിർമ്മാണ പ്രവൃത്തിയിൽ കാലതാമസം വരുന്നത് പരിഹരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | കായിക വകുപ്പിന് കീഴിൽ ആരംഭിച്ച സ്പോർട്സ് കേരള ഫൗണ്ടേഷൻ പദ്ധതി പുരോഗതി സംബന്ധിച്ച് കൃത്യമായ ഇടവേളകളിൽ റിവ്യൂ നടത്താനും തടസ്സങ്ങൾ നീക്കാൻ വേണ്ട നിർദ്ദേശം നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ